**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2045** **05-02-2026 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കൻഡറി ജൂനിയർ (ഹിന്ദി) തസ്തികയിലേക്കുള്ള ഷോർട്ട് ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഹയർസെക്കൻഡറി ജൂനിയർ ടീച്ചർ (ഹിന്ദി)കാറ്റഗറി നമ്പർ 128/2024 യുടെ നിലവിൽ പ്രസിദ്ധീകരിച്ച ഷോർട്ട് ലിസ്റ്റിൽ സംവരണവിഭാഗത്തിലുള്ളവരടക്കം എത്ര ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ; | (എ) | സംവരണവിഭാഗത്തിലുള്ളവരടക്കം 97 ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മുൻവർഷങ്ങളിൽ പ്രസ്തുത തസ്തികയിൽ എത്ര നിയമനം പി.എസ്.സി. ശിപാർശ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | തൊട്ടുമുമ്പ് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്ന് 80 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. |
| (സി) | നിലവിൽ പ്രസ്തുത തസ്തികയിലേക്ക് എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) | 6 ഒഴിവുകൾ |
| (ഡി) | ഓരോ തസ്തികയ്ക്കും നിലവിലുള്ള ഒഴിവിന്റെ മൂന്നിരട്ടി ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്ന ചട്ടം നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ഡി) | റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം, റാങ്ക് ലിസ്റ്റിന്റെ കാലാവധിയിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം, മുൻ തെരഞ്ഞെടുപ്പിൽ Advice ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം എന്നിവയും Common Exam ആണെങ്കിൽ Common candidates ന്റെ എണ്ണം, ആ തസ്തികകളിലെ ഒഴിവുകൾ, 2026 മുതൽ 2028 വരെ വരാൻ സാധ്യതയുള്ള പ്രതീക്ഷിത ഒഴിവുകളും പരിഗണിച്ചാണ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം തീരുമാനിച്ചിരിക്കുന്നത്. റാങ്ക് ലിസ്റ്റ് വിപുലീകരിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഇ) | എങ്കിൽ 2029-ൽ വരാൻ സാധ്യതയുള്ള ഒഴിവുകൾ കൂടി നികത്താൻ പര്യാപ്തമായ രീതിയിൽ റാങ്ക് ലിസ്റ്റ് വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഇ) | റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം, റാങ്ക് ലിസ്റ്റിന്റെ കാലാവധിയിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം, മുൻ തെരഞ്ഞെടുപ്പിൽ Advice ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം എന്നിവയും Common Exam ആണെങ്കിൽ Common Candidates ന്റെ എണ്ണം, ആ തസ്തികകളിലെ ഒഴിവുകൾ, 2026 മുതൽ 2028 വരെ വരാൻ സാധ്യതയുള്ള പ്രതീക്ഷിത ഒഴിവുകളും പരിഗണിച്ചാണ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം തീരുമാനിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | റാങ്ക് ലിസ്റ്റ് വിപുലീകരിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ